# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്ര ചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ *627
## 02.04.2018-ലെ മറുപടിക്ക്

**കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ.എം.ഉമ്മർ**<br>**ശ്രീ.സി.മമ്മൂട്ടി**<br>**ഡോ.എം.കെ.മുനീർ** | **ഡോ. റ്റി.എം.തോമസ് ഐസക്,**<br>**ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| എ. | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ ; | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.<br>1. വായ്പകളുടെ പലിശനിരക്ക് പുതുക്കി നിശ്ചയിച്ചു.<br>2.അപേക്ഷകൾ സ്വീകരിക്കുന്നതിനും വായ്പ അനുവദിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കിക്കൊണ്ട് പുതിയ നടപടിക്രമങ്ങൾ നിശ്ചയിച്ചു.<br>3.ലോൺ അപ്രൈസലിനുവേണ്ടി സോണൽ മാനേജരുടെ കീഴിൽ പ്രത്യേക വിഭാഗം ആരംഭിക്കുന്നു. അങ്ങനെ വിദഗ്ധ ഓഫീസർമാരുടെ സേവനം എല്ലാ ഓഫീസുകൾക്കും ഒരേ പോലെ ലഭ്യമാകും.<br>4.കോർപ്പറേഷന്റെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തിക്കൊണ്ട് പുതുക്കിയ പ്രവർത്തന രേഖ നടപ്പിലാക്കുന്നു. |
| ബി. | സ്റ്റാർട്ടപ്പ് സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ; | സ്വീകരിക്കും. |
| സി. | എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | സ്റ്റാർട്ടപ്പ് സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ കെ.എഫ്.സി മൂന്ന് വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><u>1) സ്റ്റാർട്ടപ്പ് സപ്പോർട്ട് സ്കീം</u><br>ടേം ലോണും പ്രവർത്തന മൂലധനവും ഉൾപ്പെടെ 10 ലക്ഷം രൂപ വരെ വായ്പ ലഭിയ്ക്കും. 18 നും 35 നും ഇടയ്ക്ക് പ്രായമുള്ള ഹയർ സെക്കൻഡറി |

| | | | |
|---|---|---|---|
| | | | /വൊക്കേഷണൽ ഹയർ സെക്കൻഡറി/ ഐ.റ്റി.ഐ ഡിപ്ലോമ പാസ്സായ ആദ്യ വരി സംരംഭകർക്ക് അപേക്ഷിക്കാം. എന്നിരുന്നാലും എൻജിനീയറിംഗ് പാസ്സായവർക്കും വിദ്യാർത്ഥികൾക്കും മുൻഗണന ലഭിയ്ക്കും. പദ്ധതി ചെലവിന്റെ 90% വരെ വായ്പ ലഭിയ്ക്കും. 5 വർഷം വരെ വായ്പാ തിരിച്ചടവ് കാലാവധി ഉണ്ട്.<br>2) <u>സ്റ്റാർട്ടപ്പുകൾക്ക് പർച്ചേസ് ഓർഡറുകൾ പൂർത്തീകരിയ്ക്കാനായി വർക്കിംഗ് ക്യാപിറ്റൽ സഹായം</u><br>100 ലക്ഷം രൂപ വരെ ഐ.റ്റി ഹാർഡ് വെയർ/ബയോടെക്നോളജി ഉൽപ്പന്ന നിർമ്മാതാക്കൾക്ക് വായ്പ ലഭിക്കും. അർഹതയുള്ളവർക്ക് 10% വരെ പലിശനിരക്കിൽ വായ്പ ലഭിക്കും. ചെറുകിട സംരംഭകരായി ഗവൺമെന്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രൈവറ്റ് ലിമിറ്റഡ് കമ്പനി/ലിമിറ്റഡ് ലയബിലിറ്റി പാർട്നർഷിപ്പ് സ്ഥാപനങ്ങൾക്കാണ് വായ്പയ്ക്ക് അർഹതയുള്ളത്.<br>3) <u>ഐ.റ്റി.ഹാർഡ് വെയർ & സോഫ്റ്റ് വെയർ സ്ഥാപനങ്ങൾക്ക് വെഞ്ചർ ഡെബ്റ്റ്</u><br>500 ലക്ഷം രൂപ വരെ ഹാർഡ് വെയർ & സോഫ്റ്റ് വെയർ സ്ഥാപനങ്ങൾക്ക് വായ്പ ലഭിക്കാൻ അർഹതയുണ്ട്. പദ്ധതി ചെലവിന്റെ 80% വരെ വായ്പ ലഭിയ്ക്കും. ചെറുകിട സംരംഭകരായി ഗവൺമെന്റിൽ രജിസ്റ്റർ ചെയ്ത പ്രൈവറ്റ് ലിമിറ്റഡ് കമ്പനി/ലിമിറ്റഡ് ലൈബിലിറ്റി പാർട്നർഷിപ്പ് സ്ഥാപനങ്ങൾക്കാണ് വായ്പയ്ക്ക് അർഹതയുള്ളത്.<br>അതാത് സ്ഥാപനങ്ങളുടെ നിക്ഷേപം SEBI അംഗീകാരമുള്ള വെഞ്ചർ ക്യാപിറ്റൽ ഫണ്ട് അംഗീകരിച്ചിരിക്കണം. |

Sreelatha

സെക്ഷൻ ഓഫീസർ